**പതിനഞ്ചാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 274** **16-09-2025-ൽ മറുപടിയ്ക്ക്**

**പാലക്കാട് ജില്ലാ ഹോമിയോ - ആയുർവേദ ആശുപത്രി കെട്ടിട നിർമ്മാണം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ

ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** പാലക്കാട് ജില്ലാ ഹോമിയോ ആശുപത്രി കെട്ടിടത്തിന്റെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത കെട്ടിടം പൊളിച്ച് പുതിയ കെട്ടിട നിർമ്മാണത്തിന് തുക അനുവദിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

**മറുപടി:** പാലക്കാട് ജില്ലാ ഹോമിയോ ആശുപത്രി കെട്ടിടം 40 വർഷം പഴക്കം ചെന്നതാണ്. 2021-22 വർഷത്തിൽ കെട്ടിടത്തിന്റെ അറ്റകുറ്റ പണികൾ ജില്ലാ പഞ്ചായത്ത് നടത്തിയിട്ടുള്ളതാണ്. പൊതുമരാമത്ത് വിഭാഗം, സ്ഥാപനത്തിന്റെ ഫിറ്റ്നസ് പരിശോധനയ്ക്കായുള്ള നൂതന സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള ഫിറ്റ്നസ് പരിശോധന നടത്താൻ സാധിക്കില്ലെന്ന് അറിയിച്ചതിനെ തുടർന്ന്, പാലക്കാട് ജില്ലാ പഞ്ചായത്ത് തൃശ്ശൂർ സർക്കാർ എഞ്ചിനീയറിംഗ് കോളേജിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച തുടർനടപടികൾ പുരോഗമിച്ച് വരുകയാണ്.

നിലവിൽ പാലക്കാട് ജില്ലാ ഹോമിയോ ആശുപത്രി കെട്ടിടത്തിന്റെ നിർമ്മാണത്തിന് തുക വകയിരുത്തിയിട്ടില്ല.

**(ബി)** പാലക്കാട് ജില്ലാ ആയുർവേദ ആശുപത്രിയിൽ നിലവിലുള്ള കാലപ്പഴക്കം ചെന്ന കെട്ടിടങ്ങൾ പൊളിച്ച് മാറ്റി പുതിയ കെട്ടിടങ്ങൾ പണിയുന്നതിന് ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ; മാസ്റ്റർ പ്ലാൻ തയ്യാറാക്കി കേന്ദ്ര ഫണ്ട് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

**മറുപടി:** പാലക്കാട് ജില്ലാ ആയുർവേദ ആശുപത്രിയിൽ നിലവിൽ പ്രവൃത്തിച്ചുവരുന്ന കെട്ടിടങ്ങളൊന്നും തന്നെ നിലവിൽ അൺഫിറ്റാണെന്ന് പൊതുമരാമത്ത് വകുപ്പോ, അംഗീകൃത സ്ഥാപനങ്ങളോ രേഖപ്പെടുത്തി സാക്ഷ്യപത്രം നൽകിയിട്ടില്ല. കെട്ടിടങ്ങൾ പൊളിച്ചു നീക്കിയ ശേഷം പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത് സംബന്ധിച്ച പ്രപ്പോസലുകളൊന്നും സർക്കാരിൽ ലഭിച്ചിട്ടില്ല.

എന്നാൽ, നാഷണൽ ആയുഷ് മിഷൻ വഴി നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഒരു ആശുപത്രിയ്ക്ക് ലഭ്യമാക്കാൻ കഴിയുന്ന പരമാവധി തുക ഒരു കോടി രൂപയാണ്. 2018-19 സ്റ്റേറ്റ് ആന്വൽ ആക്ഷൻ പ്ലാൻ (SAAP) മുഖേന 75 ലക്ഷം രൂപ പാലക്കാട് ജില്ലാ ആയുർവേദ ആശുപത്രിക്ക് അനുവദിക്കുകയും, ടി പ്രവർത്തി പാലക്കാട് ജില്ലാ പഞ്ചായത്തിന്റെ ഫണ്ട് കൂടി ചേർത്ത് ഒരു നിലയുടെ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. നാഷണൽ ആയുഷ് മിഷൻ സ്കീം പ്രകാരം 2024 - 25 സ്റ്റേറ്റ്

ആന്വൽ ആക്ഷൻ പ്ലാൻ മുഖേന ഒരു കോടിയിൽ ബാക്കിയുള്ള 25 ലക്ഷം രൂപ ടി സ്ഥാപനത്തിന് അനുവദിക്കുകയും, പ്രവൃത്തിക്കായി DPR തയ്യാറാക്കുന്ന ഘട്ടത്തിലുമാണ്.

**സെക്ഷൻ ഓഫീസർ**